


## കെ.ടിയുടെ പ്രസ്ഥാന യാത്രകൾ - 10




- കെ.ടി അബ്ദുർറഹീം
- സദ്റുദ്ദീൻ വാഴക്കാട്


# 'ഉമ്മയുടെ മറുപടി'

1972 ഡിസംബറിൽ അന്തമാനിൽനിന്ന് തിരിച്ചെത്തിയ ഞാൻ 1973ൽ വീണ്ടും പാലക്കാട്ടേക്ക് പോയി. പാലക്കാട് മദ്റസത്തുന്നൂറിലെ അധ്യാപനമായിരുന്നു പ്രധാന ചുമതല; നേരത്തേ ഉണ്ടായിരുന്നതുപോലെ ജമാഅത്ത് പ്രവർത്തനവും.

പൊന്നാനി കോർട്ട് റോഡിലെ മുഹ്യിദ്ദീൻ പള്ളിയിലായിരുന്നു അക്കാലത്ത് ഞാൻ ഖുത്ബ നടത്തിയിരുന്നത്. വെള്ളിയാഴ്ച പാലക്കാട് നിന്ന് ഖുത്ബക്കു വേണ്ടി പൊന്നാനിയിൽ വരും. എനിക്കു മുമ്പ് പള്ളിക്കര സെയ്തു സാഹിബായിരുന്നു അവിടെ ഖുത്ബ. നല്ല ഖത്ത്വീബായിരുന്നു അദ്ദേഹം.

### പള്ളി കൈയേറ്റം

പൊന്നാനിയിലെ മുഹ്യിദ്ദീൻ പള്ളി കമ്മിറ്റിയിൽ പുരോഗമന ചിന്താഗതിക്കാർ ധാരാളം ഉണ്ടായിരുന്നു. ബിസ്മി അബ്ദുല്ല സാഹിബ് ആയിരുന്നു കമ്മിറ്റിയുടെ പ്രസിഡന്റ്. ജമാഅത്ത് പ്രവർത്തകനായിരുന്നില്ലെങ്കിലും ജമാഅത്തിന് പൂർണ പിന്തുണ നൽകിയിരുന്ന കച്ചവടക്കാരനും സമ്പന്നനുമായിരുന്നു അദ്ദേഹം. കമ്മിറ്റിയുടെ സ്വാധീനഫലമായാണ് സുന്നികൾ സ്ഥാപിച്ച മുഹ്യിദ്ദീൻ പള്ളിയിൽ മലയാളത്തിൽ ഖുത്ബ നടന്നുവന്നിരുന്നത്. നാട്ടുകാർക്കും അതിൽ വലിയ താൽപര്യമായിരുന്നു.

ഖുത്ബ കേൾക്കാൻ വരുന്നവരെ ഉൾക്കൊള്ളാൻ പള്ളിക്ക് കഴിഞ്ഞിരുന്നില്ല. പള്ളി നിറഞ്ഞുകവിഞ്ഞ് സ്വഫ്ഫുകൾ റോട്ടിലേക്ക് നീളുമായിരുന്നു. അവിടത്തെ സുന്നികൾക്കിടയിൽ പള്ളിയെ കുറിച്ചും ഖുത്ബയെക്കുറിച്ചും ചില ചർച്ചകൾ രഹസ്യമായി നടക്കുന്നുണ്ടായിരുന്നു. സുന്നി പള്ളിയിൽ ജമാഅത്തുകാർ മലയാളത്തിൽ ഖുത്ബ നടത്തുന്നതിൽ അവർക്ക് വലിയ എതിർപ്പുണ്ടായിരുന്നു. ഇമ്പിച്ചി ബാവയെപ്പോലുള്ളവരുടെ പിന്തുണയോടെയാണ് നമ്മൾ ആ എതിർപ്പുകളെ മറികടന്നത്. പക്ഷേ അത് അധികം നീണ്ടുപോയില്ല.

ഒരു വർഷത്തിലേറെ ഞാൻ ഖുത്ബ നടത്തി. ഞാൻ ദക്ഷിണ മേഖലയിലേക്ക് മാറിയപ്പോൾ ഖുത്ബ മമ്മുണ്ണി മൗലവിയെ ഏൽപിച്ചു. ആ സന്ദർഭത്തിൽ, 'സുന്നികളുടെ പള്ളിയാണതെന്നും അത് പിടിച്ചെടുത്ത് മലയാള ഖുത്ബ നിർത്തി അറബിയിൽ ഖുത്ബ നടത്തണമെന്നും' അവർ തീരുമാനിച്ചു. എടപ്പാളിൽ ജമാഅത്തിന്റെ ഒരു ഏരിയാ സമ്മേളനം സംഘടിപ്പിച്ചിരുന്നു. ഒരു വെള്ളിയാഴ്ചയായിരുന്നു അത്. പൊന്നാനിയിലെ ജമാഅത്തുകാരാരും സ്ഥലത്തുണ്ടാവില്ലെന്ന് മനസ്സിലാക്കിയ സുന്നികൾ, അന്ന് പള്ളി പിടിച്ചെടുക്കാൻ തീരുമാനിച്ചു. ജുമുഅയുടെ സമയമാകുന്നതിനു മുമ്പേ അവരുടെ ആളുകൾ പള്ളിയിൽ നിറഞ്ഞു. മമ്മുണ്ണി മൗലവിയായിരുന്നു ഖുത്ബ നടത്തേണ്ടിയിരുന്നത്. അദ്ദേഹം പള്ളിയിലെത്തിയെങ്കിലും ഖുത്ബ നടത്താൻ അവർ സമ്മതിച്ചില്ല. അവർ നിശ്ചയിച്ച ഒരാൾ അറബിയിൽ ഖുത്ബ നടത്തി. നമസ്കാരം കഴിഞ്ഞ് അവരെല്ലാം പിരിഞ്ഞുപോയി.

**പള്ളി തിരിച്ചു പിടിക്കുന്നതിനെക്കുറിച്ച് ചർച്ച വന്നപ്പോൾ ഞാൻ പറഞ്ഞു, 'അതുവേണ്ട, പള്ളിയുടെ പേരിൽ ഒരു ഏറ്റുമുട്ടലിന് നിൽക്കേണ്ട. നിങ്ങൾ ഉടൻ തന്നെ വണ്ടിപ്പേട്ടയിൽ ഒരു സ്ഥലം വാങ്ങുക. കഴിയുമെങ്കിൽ അടുത്ത വെള്ളിയാഴ്ച തന്നെ അവിടെ ഒരു ഷെഡ് കെട്ടി നമസ്കാരം തുടങ്ങുക. ഖുത്ബ നടത്താൻ ഞാൻ വരാം. മുഹ്യിദ്ദീൻ പള്ളിയിൽ ഖുത്ബ കേൾക്കാൻ വന്നിരുന്നവരൊക്കെ ഇങ്ങോട്ട് വരും.' അങ്ങനെ തീരുമാനമായി. പള്ളിയുടെ പേരിൽ ഒരു ഏറ്റുമുട്ടലോ പോലീസ് കേസോ ഒന്നുമുണ്ടായില്ല.**

പള്ളികമ്മിറ്റി യോഗം ചേർന്ന് എന്തു ചെയ്യണമെന്ന് കൂടിയാലോചിച്ചു. ഞാൻ അവിടെ ഖത്വീബായിരുന്നതുകൊണ്ട് വിവരമറിഞ്ഞ ഉടനെ അമീർ കെ.സി അബ്ദുല്ല മൗലവി എന്നെ പൊന്നാനിയിലേക്ക് അയച്ചു. പള്ളി തിരിച്ചു പിടിക്കുന്നതിനെക്കുറിച്ച് ചർച്ച വന്നപ്പോൾ ഞാൻ പറഞ്ഞു, 'അതുവേണ്ട, പള്ളിയുടെ പേരിൽ ഒരു ഏറ്റുമുട്ടലിന് നിൽക്കേണ്ട. നിങ്ങൾ ഉടൻ തന്നെ വണ്ടിപ്പേട്ടയിൽ ഒരു സ്ഥലം വാങ്ങുക. കഴിയുമെങ്കിൽ അടുത്ത വെള്ളിയാഴ്ച തന്നെ അവിടെ ഒരു ഷെഡ് കെട്ടി നമസ്കാരം തുടങ്ങുക. ഖുത്വ്ബ നടത്താൻ ഞാൻ വരാം. മുഹ്‌യിദ്ദീൻ പള്ളിയിൽ ഖുത്വ്ബ കേൾക്കാൻ വന്നിരുന്നവരൊക്കെ ഇങ്ങോട്ട് വരും.' അങ്ങനെ തീരുമാനമായി. ഒരാഴ്ച കൊണ്ട് സ്ഥലം വാങ്ങി ഷെഡു കെട്ടി. അടുത്ത വെള്ളിയാഴ്ച തന്നെ ജുമുഅ ആരംഭിച്ചു. ഭൂരിപക്ഷമാളുകളും പുതിയ പള്ളിയിലേക്ക് ജുമുഅക്ക് വന്നു. മുഹ്‌യിദ്ദീൻ പള്ളി നിറഞ്ഞ് പുറത്തേക്ക് സ്വഫ്ഫ് നീണ്ടിരുന്ന അവസ്ഥ മാറി. പള്ളിക്കകത്ത് പരിമിതരായ ആളുകൾ മാത്രമേ അറബി ഖുത്വ്ബ കേൾക്കാൻ ഉണ്ടായിരുന്നുള്ളൂ. പള്ളിയുടെ പേരിൽ ഒരു ഏറ്റുമുട്ടലോ പോലീസ് കേസോ ഒന്നുമുണ്ടായില്ല. ഇന്ന് പൊന്നാനി വണ്ടിപ്പേട്ടയിലെ ഐ.എസ്.എസ് പള്ളി അങ്ങനെ ഉണ്ടായതാണ്.

### മഹല്ല് ഖാദി

പൊന്നാനിയിലും തൃശൂർ ജില്ലയിലെ കൂളിമുട്ടത്തിനടുത്ത് കാതിക്കോട് മഹല്ലിലും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ രണ്ടു പേരെ നിശ്ചയിക്കണമെന്ന ചർച്ച വന്നു. ഞാനും കെ.എൻ അബ്ദുല്ല മൗലവിയുമാണ് നിർദേശിക്കപ്പെട്ടത്. പൊന്നാനി ടൗൺ പ്രദേശമായിരുന്നു, കാതിക്കോട് ഉൾനാടൻ ഗ്രാമവും. കെ.എന്നിന് അവിടെ പ്രവർത്തിക്കാൻ കഴിയില്ലെന്ന് എനിക്ക് തോന്നി. 'കെ.എൻ പൊന്നാനിയിലേക്ക് പോകട്ടെ, ഞാൻ കാതിക്കോട്ടേക്ക് പോകാം' - ഞാൻ പറഞ്ഞു. അതനുസരിച്ച് കെ.എൻ പൊന്നാനിയിലേക്ക് പോയി. പൊന്നാനിയിൽ ജമാഅത്തിനെ വേരുപിടിപ്പിക്കുന്നതിലും ഐ.എസ്.എസ് സ്ഥാപനങ്ങൾ ഉണ്ടാക്കി വളർത്തിക്കൊണ്ടുവരുന്നതിലും മർഹൂം കെ.എൻ അബ്ദുല്ല മൗലവിയുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങൾ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്.

1974-ലാണ് ഞാൻ കൂളിമുട്ടം കാതിക്കോട് മഹല്ലിലെത്തിയത്. ഒരു ഉൾപ്രദേശമായിരുന്നു അത്. കാതിക്കോട് മഹല്ല് നേരത്തെ തന്നെ ഉൽപതിഷ്ണു സ്വാധീനം ഉണ്ടായിരുന്ന പ്രദേശമായിരുന്നു. പണ്ഡിതന്മാരും പുരോഗമന സംഘടനകളുമായി ബന്ധമുള്ളവരും അവിടെ ഉണ്ടായിരുന്നു. ജമാഅത്തുമായി മഹല്ല് നിവാസികൾക്ക് നല്ല ബന്ധമായിരുന്നു. മഹല്ലിൽ സ്വാധീനവും ജമാഅത്തിനായിരുന്നു. കുറച്ച് മുജാഹിദുകാരും ഉണ്ടായിരുന്നു. സുന്നികൾ വളരെ കുറവ്. കാതിക്കോട്ടുകാരനായ പി.കെ മുഹമ്മദലി സാഹിബ് ശാന്തപുരം ഇസ്‌ലാമിയാകോളേജിലെ ആദ്യകാല വിദ്യാർഥികളിലൊരാളാണ്. ജമാഅത്തിന്റെ പ്രവർത്തനം പ്രദേശത്ത് വ്യാപിപ്പിക്കുന്നതിൽ അദ്ദേഹം പങ്കുവഹിച്ചിട്ടുണ്ട്. അബുൽ ജലാൽ മൗലവി ഉൾപ്പെടെ പല നേതാക്കളെയും ഖത്തറിലും മറ്റും കൊണ്ടുപോയതും ധന സമാഹരണത്തിന്റെ വഴികൾ തുറന്നതുമൊക്കെ പി.കെ മുഹമ്മദലി സാഹിബായിരുന്നു. ജമാഅത്ത് നേതാക്കളുമായി നല്ല ബന്ധമുണ്ടായിരുന്നു അദ്ദേഹത്തിന്. ആ അടിസ്ഥാനത്തിലും കൂടിയാണ് ഞാൻ കാതിക്കോട്ട് എത്തിയത്.

കാതിക്കോട്ട് അന്ന് അൽ മദ്റസത്തുർറഹ്മാനിയ്യയും മഹല്ല് പള്ളിയുമാണ് ഉണ്ടായിരുന്നത് (എ.എം.ആർ കാതിക്കോട് എന്നാണ് മദ്റസ അറിയപ്പെട്ടിരുന്നത്).

മഹല്ലിന്റെ പ്രവർത്തനങ്ങൾ സജീവമാക്കാനും എല്ലാ വീടുകളുമായും ബന്ധം സ്ഥാപിക്കാനുമാണ് അവിടെ പ്രധാനമായും ശ്രമിച്ചത്. മറ്റു സ്ഥലങ്ങളിലെ പോലെ ക്ലാസ്സുകൾ ധാരാളമായി സംഘടിപ്പിക്കുകയും ചെയ്തിരുന്നു. മഹല്ലിലെ എല്ലാ വീടുകളുമായും ഉറ്റബന്ധം സ്ഥാപിച്ചെടുത്തു.

കാതിക്കോട് മഹല്ലിന്റെ ചുമതല വഹിച്ച കാലത്തുതന്നെയാണ് ജമാഅത്ത് എന്നെ ദക്ഷിണ കേരളത്തിലെ മേഖലാ നാസിമായി നിശ്ചയിച്ചത്. 1974 അവസാനത്തിലായിരുന്നു അതെന്നാണ് ഓർമ. നേരത്തേ ദക്ഷിണ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ തുടരുകയും ജമാഅത്തിന്റെ സംഘടനാ സംവിധാനം കൂടുതൽ ശക്തമാക്കാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ അക്കാലത്താണ് അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടതും ജമാഅത്തിനുമേൽ നിരോധം വന്നതും.

### അടിയന്തരാവസ്ഥ

1975-ൽ ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ ഞാൻ തെക്കൻ മേഖലാ നാസിമാണ്. അടിയന്തരാവസ്ഥാ പ്രഖ്യാപനം വന്ന ഉടൻ എനിക്ക് ജമാഅത്ത് ഓഫീസിൽനിന്ന് കത്തുവന്നു; ദക്ഷിണ മേഖലയിലെ പ്രവർത്തനം നിർത്തി നാട്ടിലേക്ക് മടങ്ങണം. ജമാഅത്ത്നിരോധം പ്രഖ്യാപിക്കുന്നതിന് തലേ ദിവസമാണ് കത്ത് കിട്ടിയത്. നിരോധിക്കപ്പെടും എന്നുറപ്പായിരുന്നു. കത്ത് കിട്ടുമ്പോൾ ഞാൻ ഞാറയിൽകോണത്താണ്. അതൊരു വെള്ളിയാഴ്ചയായിരുന്നു. അന്ന് ഞാറയിൽകോണം പള്ളിയിൽ ഖുത്വ്ബ നടത്തിയ ശേഷം ജമാഅത്തിന്റെ നിർദേശപ്രകാരം ഞാൻ നാട്ടിലേക്ക് പുറപ്പെട്ടു. അപ്പോഴേക്കും ജമാഅത്ത് നിരോധം പ്രഖ്യാപിക്കപ്പെട്ടു. എന്നെ അന്വേഷിച്ച് പോലീസ് അവിടെ എത്തുമെന്ന് ഉറപ്പായിരുന്നു.

ഞാറയിൽകോണത്ത് നിന്ന്



*കെ.എൻ അബ്ദുല്ല മൗലവി*

**അടിയന്തരാവസ്ഥാ പ്രഖ്യാപനം വന്ന ഉടൻ എനിക്ക് ജമാഅത്ത് ഓഫീസിൽനിന്ന് കത്തുവന്നു; ദക്ഷിണ മേഖലയിലെ പ്രവർത്തനം നിർത്തി നാട്ടിലേക്ക് മടങ്ങണം. വീട്ടിലെത്തി കുളിച്ചു, ഭക്ഷണം കഴിച്ചു. പോലീസ് അറസ്റ്റു ചെയ്തുകൊണ്ടുപോകാൻ സാധ്യതയുണ്ടെന്ന് ഉമ്മയോട് പറഞ്ഞു. 'എനിക്ക് ഒമ്പതു മക്കളെ അല്ലാഹു തന്നു. മൂന്നു പേരെ അവൻ തിരിച്ചുവിളിച്ചു. ഇനി ഒരു മകനെ ഇന്ദിരാഗാന്ധിയും കൊണ്ടുപോകട്ടെ'- അതായിരുന്നു ഉമ്മയുടെ മറുപടി.**

**ഒരു മൗലവി/ മുസ്‌ലിയാർ എന്ന നിലയിലായിരുന്നില്ല, നാടിന് വേണ്ടി ജീവിച്ച ഒരു സേവകൻ എന്ന നിലയിലാണ് ജനങ്ങൾ അന്ന് എന്നെ പരിഗണിച്ചിരുന്നത്. രോഗികളെ ശുശ്രൂഷിക്കും, മരണവീടുകളിൽ ചെന്ന് മയ്യിത്ത് കുളിപ്പിക്കും, മയ്യിത്തുകട്ടിൽ ചുമന്നുകൊണ്ടുപോകും. ഇങ്ങനെയൊക്കെയുള്ള ഇടപെടൽ നടത്തിയതുകൊണ്ട് ജനങ്ങളുമായി സ്നേഹപൂർണമായ ഒരു ബന്ധം വളർന്നു; അതൊരിക്കലും ഭക്തിയോടെയുള്ള ബഹുമാനമായിരുന്നില്ല. മഹല്ലിലാകട്ടെ ജമാഅത്തിന് ആഴത്തിൽ സ്വാധീനം നേടാനും കഴിഞ്ഞു.**

കൊല്ലത്ത് വന്നു. ചിന്നക്കടയിലെ ഇസ്‌ലാമിക് സ്റ്റഡി സെന്ററായിരുന്നു ജമാഅത്തിന്റെ കേന്ദ്രം. അത് പൂട്ടി സീൽ ചെയ്തിരിക്കുന്നു. ഉടൻ ആലപ്പുഴയിലേക്ക് പുറപ്പെട്ടു. അവിടത്തെ ജമാഅത്ത് ഓഫീസും പോലീസ് സീൽ ചെയ്തിട്ടുണ്ട്. ആലുവയിലും അതുതന്നെ അവസ്ഥ. അവിടെ നിന്ന് ഞാൻ പെരിന്തൽമണ്ണയിലേക്ക് വന്നു. ബസിറങ്ങിയപ്പോൾ, എ.കെ അബ്ദുൽ ഖാദിർ മൗലവിയെ അറസ്റ്റു ചെയ്ത വാർത്തയും എന്നെ പോലീസ് അന്വേഷിക്കുന്ന വിവരവും അറിഞ്ഞു. ഞാൻ ഉടൻ ഐ.എം.ടി സ്റ്റോറിലേക്ക് ചെന്നു. എടവണ്ണപ്പാറയിലെ മുഹമ്മദ് സാഹിബായിരുന്നു അത് നടത്തിയിരുന്നത്. ഞങ്ങൾ തമ്മിൽ നേരത്തെ പരിചയമുണ്ടായിരുന്നു. 'ഞാൻ പോലീസ് സ്റ്റേഷനിലേക്ക് പോവുകയാണെന്ന്' പറഞ്ഞ് ബാഗ് അദ്ദേഹത്തെ ഏൽപിച്ചു. 'നിങ്ങളെന്തിനാണ് പോലീസ് സ്റ്റേഷനിലേക്ക് പോയി കീഴടങ്ങുന്നത്. പോലീസ് അറസ്റ്റു ചെയ്യാൻ വരികയാണെങ്കിൽ പോയാൽ പോരേ? നിങ്ങൾ വീട്ടിൽ ചെന്ന് ഉമ്മയെ കാണ്. ബാക്കിയൊക്കെ പിന്നീടാകാം'- മുഹമ്മദ് സാഹിബ് പറഞ്ഞു. അത് ശരിയാണെന്ന് തോന്നി. വീട്ടിലെത്തി കുളിച്ചു, ഭക്ഷണം കഴിച്ചു. പോലീസ് അറസ്റ്റു ചെയ്തുകൊണ്ടുപോകാൻ സാധ്യതയുണ്ടെന്ന് ഉമ്മയോട് പറഞ്ഞു. 'എനിക്ക് ഒമ്പതു മക്കളെ അല്ലാഹു തന്നു. മൂന്നു പേരെ അവൻ തിരിച്ചുവിളിച്ചു. ഇനി ഒരു മകനെ ഇന്ദിരാഗാന്ധിയും കൊണ്ടുപോകട്ടെ'- അതായിരുന്നു ഉമ്മയുടെ മറുപടി.

പോലീസ് വരുമെന്ന് കരുതി കുറച്ച് സമയം വീട്ടിൽനിന്നു. പിന്നീട് ശാന്തപുരം കോളേജിലേക്ക് പോയി. അവിടെ നിന്ന് ചിലരെ അറസ്റ്റ് ചെയ്തുകൊണ്ടു പോയിരിക്കുന്നു. ഒന്നു രണ്ടു ദിവസം കഴിഞ്ഞിട്ടും എന്നെ അറസ്റ്റ് ചെയ്യാൻ പോലീസ് വന്നില്ല. ദൽഹിയിൽനിന്ന് അയച്ചുകൊടുത്ത, അറസ്റ്റ് ചെയ്യേണ്ടവരുടെ ലിസ്റ്റിൽ 'കെ.പി അബ്ദുർറഹീം' എന്നാണുണ്ടായിരുന്നത്. പോലീസ് വന്ന് കെ.പി അബ്ദുർറഹീമിനെയാണ് അന്വേഷിച്ചത്. 'കെ.പി അബ്ദുർറഹീമിനെ' ഞങ്ങൾക്ക് അറിയില്ലെന്ന് നാട്ടുകാർ പറയുകയും ചെയ്തു. ഏതാനും നാൾ കഴിഞ്ഞപ്പോൾ അറസ്റ്റ് ചെയ്യുന്നതിലെ കാർക്കശ്യം കുറയുകയും ചെയ്തു.

ഞാറയിൽകോണത്തുനിന്ന് നാട്ടിലേക്ക് പോന്ന വെള്ളിയാഴ്ച രാത്രി എന്നെ അന്വേഷിച്ച് പോലീസ് ഭാര്യാവീട്ടിൽ ചെന്നു. ഭാര്യയും ചെറിയ



*പി.കെ മുഹമ്മദാലി ഹാജി*

കുട്ടിയും അവളുടെ സഹോദരനും മാമായുമാണ് അവിടെ ഉണ്ടായിരുന്നത്. അർധരാത്രി രണ്ടു മൂന്ന് വാഹനങ്ങളിലായി വന്ന പോലീസ് വീട്ടുകാരെ വിളിച്ചുണർത്തി വീട് പരിശോധിച്ചു. 'നാസിം' എവിടെയെന്നാണ് ചോദിച്ചത്. മാമ പ്രായം ചെന്ന ആളായിരുന്നതിനാൽ അദ്ദേഹം 'കെ.ടി അബ്ദുർറഹീം' അല്ല എന്നവർക്ക് മനസ്സിലായി. ഭാര്യയുടെ സഹോദരൻ ചെറുപ്പക്കാരനായിരുന്നതിനാൽ അവനെ പുറത്തേക്ക് പിടിച്ചുകൊണ്ടുപോയി. കരഞ്ഞുകൊണ്ട് എന്റെ ഭാര്യയും പിന്നാലെ ചെന്നു. ബഹളം കേട്ട് അയൽവാസികളൊക്കെ പുറത്തിറങ്ങിയിരുന്നു. 'ഇത് കെ.ടി അബ്ദുർറഹീം ആണോ'യെന്ന് അവനെ ചൂണ്ടി പോലീസ് ചോദിച്ചു. അല്ലെന്ന് അയൽവാസികൾ മറുപടി പറഞ്ഞതോടെ വിട്ടയച്ചു. അടുത്ത ദിവസവും പോലീസ് എന്നെത്തേടി രഹസ്യമായി അവിടെ ചെന്നു. എന്നെ ഒളിപ്പിച്ചുവെച്ചതാണെന്ന സംശയം അവർക്കുണ്ടായിരുന്നു. 'നാസിം മലബാറിലേക്ക് പോയി' എന്ന് ഭാര്യ അവരോട് പറഞ്ഞു. പിന്നീട് അവിടെയും അന്വേഷണം ഉണ്ടായില്ല.

അടിയന്തരാവസ്ഥക്കാലത്താണ് പൊതുതെരഞ്ഞെടുപ്പ് നടന്നത്. തെരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധി ജയിക്കും എന്നായിരുന്നു ഇന്റലിജൻസ് റിപ്പോർട്ട്. അതുകൊണ്ടുകൂടിയാകണം അവർ ധൈര്യപൂർവം തെരഞ്ഞെടുപ്പ് നടത്തിയത്. കേരളത്തിൽ പൂർണമായും കോൺഗ്രസ് തരംഗമായിരുന്നു. ഇടതുപക്ഷം പരാജയപ്പെടുകയും വലതു കമ്യൂണിസ്റ്റ് പാർട്ടി (സി.പി.ഐ) കോൺഗ്രസ് പക്ഷത്തുനിന്ന് വിജയിക്കുകയും ചെയ്തിരുന്നു.

എന്നാൽ ഇന്ത്യയിലെ പൊതുവികാരം ഇന്ദിരാഗാന്ധിക്കും കോൺഗ്രസ്സിനും എതിരായിരുന്നു. കോൺഗ്രസ്സിനെതിരെ തെരഞ്ഞെടുപ്പിൽ മത്സരിച്ചത് ജനതാ പാർട്ടിയായിരുന്നു. ജമാഅത്ത് അടിയന്തരാവസ്ഥക്കെതിരിൽ ജനതാ പാർട്ടിക്ക് പിന്തുണ നൽകി. അതുകൊണ്ട് ചിലയിടങ്ങളിലൊക്കെ ജമാഅത്തിനെ 'ജനതാ ഇസ്‌ലാമി' എന്നാണ് വിളിച്ചിരുന്നത്. തെരഞ്ഞെടുപ്പിൽ ഇന്ദിരയും കോൺഗ്രസ്സും ദയനീയമായി പരാജയപ്പെട്ടു. ഇന്ദിരയുടെ മകൻ സഞ്ജയ് ഗാന്ധിയും തോറ്റു. തെരഞ്ഞെടുപ്പ് ഫലം പുറത്തുവരുമ്പോൾ ഞാൻ ഞാറയിൽകോണത്താണ്. റായ്ബറേലി മണ്ഡലത്തിൽ ഇന്ദിരാഗാന്ധി അമ്പതിനായിരം വോട്ടിന് തോറ്റ വാർത്ത കേട്ടപ്പോൾ വലിയ സന്തോഷമാണ് തോന്നിയത്.

### കാതിക്കോട്ടെ റോഡു നിർമാണം

അടിയന്തരാവസ്ഥക്കാലത്തും കാതിക്കോട് മഹല്ലിലെ പ്രവർത്തനങ്ങൾ തുടർന്നു. കാതിക്കോട്ടെ പ്രവർത്തനകാലത്ത് ചെയ്ത പ്രധാനപ്പെട്ട ഒരു കാര്യം റോഡു നിർമാണമായിരുന്നു. ഉൾപ്രദേശമായിരുന്ന കാതിക്കോട്ടേക്ക് റോഡുകൾ ഉണ്ടായിരുന്നില്ല. കൊടുങ്ങല്ലൂർ-ഗുരുവായൂർ റോഡാണ് മെയിൻ റോഡ്. അതിൽനിന്ന് ഒരു കിലോമീറ്ററിലേറെ നടക്കണം കാതിക്കോട് പള്ളിയിലേക്ക്. വയലിന്റെ നടുവിലൂടെയുള്ള ചവിട്ടുവഴിയിലൂടെയാണ് നടത്തം. മഴക്കാലത്തും മഴക്കാലം കഴിഞ്ഞാലും അതിലൂടെ വെള്ളം ഒഴുകിക്കൊണ്ടിരിക്കും. മഹല്ലിന്റെ ചുമ

തലയേറ്റ ശേഷം ചെയ്ത ഏറ്റവും പ്രധാനപ്പെട്ട കാര്യം കാതിക്കോട്ടേക്കുള്ള റോഡിന്റെ നിർമാണമാണ്. റോഡിന്റെ വീതിയിൽ വഴി മണ്ണിട്ട് ഉയർത്തി. എല്ലാ വീടുകളിലും കയറിയിറങ്ങി അതിന് സഹായം തേടി. തെങ്ങിന്റെ ഓലകൾ ചുമന്നുകൊണ്ട് വന്നു. മണ്ണിടാൻ വരുന്ന ലോറി മണ്ണിൽ താഴ്ന്നുപോകാതിരിക്കാനാണ് ഓലകൾ ഇട്ടിരുന്നത്. മണ്ണ് തട്ടി നിരത്തി റോഡിന്റെ രൂപത്തിലാക്കി. 'മഹല്ല് ഖത്വീബ്' എന്ന സ്ഥാനപ്പേര് പറഞ്ഞ് മാറിനിൽക്കാതെ മഹല്ലിന്റെ ചുമതല നിർവഹിക്കുന്നതിന്റെ ഭാഗമായി റോഡിന്റെ എല്ലാ പണികളിലും പങ്കെടുത്തു. അതുകൊണ്ടുതന്നെ കാതിക്കോട് മഹല്ലിലെ എല്ലാ വീടുകളിലും കയറിച്ചെല്ലാനും എല്ലാ ആളുകളുമായും ഉറ്റബന്ധം സ്ഥാപിച്ചെടുക്കാനും കഴിഞ്ഞു. ഇന്ത്യാ ഗവൺമെന്റിന്റെ 'ഫുഡ് ഫോർ വർക്ക്'- ജോലിക്കു ഭക്ഷണം- എന്നൊരു പദ്ധതി അന്നുണ്ടായിരുന്നു. ആ പദ്ധതിയും റോഡ് നിർമാണത്തിന് പ്രയോജനപ്പെടുകയുണ്ടായി. ഗോതമ്പും മറ്റുമാണ് അന്ന് കൂലി കൊടുത്തിരുന്നത്. ഒരു മൗലവി/മുസ്‌ലിയാർ എന്ന നിലയിലായിരുന്നില്ല, നാടിന് വേണ്ടി ജീവിച്ച ഒരു സേവകൻ എന്ന നിലയിലാണ് ജനങ്ങൾ അന്ന് എന്നെ പരിഗണിച്ചിരുന്നത്. രോഗികളെ ശുശ്രൂഷിക്കും, മരണവീടുകളിൽ ചെന്ന് മയ്യിത്ത് കുളിപ്പിക്കും, മയ്യിത്തുകട്ടിൽ ചുമന്നുകൊണ്ടുപോകും. ഇങ്ങനെയൊക്കെയുള്ള ഇടപെടൽ നടത്തിയതുകൊണ്ട് ജനങ്ങളുമായി സ്‌നേഹപൂർണമായ ഒരു ബന്ധം വളർന്നു; അതൊരിക്കലും ഭക്തിയോടെയുള്ള ബഹുമാനമായിരുന്നില്ല. മഹല്ലിലാകട്ടെ ജമാഅത്തിന് ആഴത്തിൽ സ്വാധീനം നേടാനും കഴിഞ്ഞു.

പഴക്കമുള്ള ചെറിയൊരു പള്ളിയും മദ്റസയുമാണ് അവിടെ ഉണ്ടായിരുന്നത്. അത് പൊളിച്ച് പുതുക്കി പണിയണമെന്ന അഭിപ്രായം ഉയർന്നു. അങ്ങനെ പി.കെ മുഹമ്മദലി സാഹിബിന്റെ നേതൃത്വത്തിൽ ഗൾഫിൽ പോയി പിരിവെടുക്കാൻ തീരുമാനിച്ചു. മഹമ്മദലി സാഹിബിനോടൊപ്പം ഞാനും ഖത്തറിലേക്ക് പോകണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടു. 'പിരിവ് നടത്താൻ അറിയില്ല' എന്ന് പറഞ്ഞപ്പോൾ ഒരാളായി കൂടെ വന്നാൽ മതിയെന്ന് അദ്ദേഹം നിർദേശിച്ചു. അങ്ങനെയാണ് ഞാൻ വിദേശത്തേക്കുള്ള യാത്ര ആരംഭിച്ചത്. ■

sadarvzkd@yahoo.co.in

(തുടരും)